# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3783

21.06.2018-ൽ മറുപടിക്ക്

<u>മുദ്ര പത്രങ്ങൾക്ക് ക്ഷാമം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ.റ്റി.എം.തോമസ് ഐസക്** **( ധനകാര്യവും കയറും വകുപ്പമന്ത്രി )** |
| എ) സംസ്ഥാനത്ത് മുദ്ര പത്രത്തിന് ക്ഷാമം നേരിടുന്നുണ്ടോ ; | എ) നിലവിൽ മുദ്ര പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നില്ല. |
| ബി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ: വിശദാംശം വെളിപ്പെടുത്തുമോ? | ബി) ഉണ്ട്. കേരള സ്റ്റാമ്പ് വെണ്ടേഴ്സ് യൂണിയനും, കേരള സ്റ്റേറ്റ് വെണ്ടേഴ്സ് അസോസിയേഷനും, വ്യക്തികളും ഇതുസംബന്ധിച്ച് പരാതികൾ ഉന്നയിച്ചിട്ടുണ്ട്. മുദ്രപത്രക്ഷാമം ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കൂടാതെ 50/-, 100/- രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 50/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും, 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 100/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം |

ട്രഷറി/സ്റ്റാമ്പ് ഡിപ്പോകളിൽ പുനർമൂല്യ നിർണ്ണയം ചെയ്ത 50/- രൂപയുടെയും 100/- രൂപയുടെയും നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ സബ്ട്രഷറികൾക്കും, വെണ്ടർ മാർക്കും വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തിച്ച മുദ്രപത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ ചെറിയ വിലയുള്ള മുദ്രപത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കും ട്രഷറികളിൽ അനുഭവപ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**